**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

12-07-2021

1. **സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ കേരള** ഈ സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കുന്നതിനായി സംയോജിത വിളവെടുപ്പാനന്തര പരിപാലനം, വിപണികളുടെ അടിസ്ഥാന സൗകര്യ വികസനം എന്നീ മേഖലകളിലെ പ്രോജക്റ്റുകൾ സമർപ്പിക്കുവാൻ സർക്കാർ വകുപ്പുകൾ, കോപ്പറേറ്റീവ് സൊസൈറ്റികൾ, കർഷകർ, കർഷക കൂട്ടായ്മകൾ എന്നിവരിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു. പ്രോജക്ടുകൾ കൃഷിഭവനുകൾ മുഖേന ജില്ലാ ഹോർട്ടിക്കൾച്ചർ മിഷനുകളിൽ സമർപ്പിക്കേണ്ടതാണ്. വിശദ വിവരങ്ങൾക്ക് ഇനി പറയുന്ന നമ്പരുകളിൽ ബന്ധപ്പെടുക. തിരുവനന്തപുരം-9383470090, കൊല്ലം - 9383470313, പത്തനംതിട്ട - 9383470503, ആലപ്പുഴ - 933470564, കോട്ടയം - 9383470709, ഇടുക്കി - 9383470824, എറണാകുളം - 9383471153, തൃശൂർ - 9383473443, മലപ്പുറം - 9383471621, പാലക്കാട് - 9383471460, കോഴിക്കോട് - 9383471782, കണ്ണൂർ - 9383472032, വയനാട്- 9383471914, കാസർഗോഡ് - 9383471964.

2. **അനെർട്ട്** കർഷകർക്കുള്ള PM-KUSUM പദ്ധതി പ്രകാരം കാർഷിക പമ്പുസെറ്റുകൾ സോളാറിലേക്ക് മാറ്റുന്ന പദ്ധതിയിലേക്ക് അപേക്ഷകൾ ക്ഷണിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് അനെർട്ടിന്റെ തിരുവനന്തപുരം ജില്ലാ ഓഫീസുമായോ ഇനി പറയുന്ന നമ്പരുകളിലോ ബന്ധപ്പെടുക. **0471-2304137, 9188119401.**

3. **വിളകളുടെ** ആരോഗ്യനില മെച്ചപ്പെടുത്തുന്നതിനും പ്രതിരോധ ശേഷി കൂട്ടുന്നതിനും സഹായിക്കുന്ന ജൈവനിയന്ത്രണ ഉപാധികളായ വിവിധ ഉൽപ്പന്നങ്ങൾ വിതരണത്തിനു സജ്ജമായിട്ടുള്ളതായി മണ്ണുത്തിയിൽ പ്രവർത്തിക്കുന്ന സംസ്ഥാന ബയോകൺട്രോൾ ലബോറട്ടറി ഡെപ്യൂട്ടി ഡയറക്ടർ അറിയിക്കുന്നു.

4. **അറിയിപ്പ്**

മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡവലപ്പ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ ക്രോപ്സ് ഈ സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കുന്ന നഴ്സറി നിർമ്മാണം, പാക്ക് ഹൗസ്, പ്രൈമറി/മൊബൈൽ/മിനിമൽ പ്രോസസിംഗ്യൂണിറ്റ്, പ്രിസർവേഷൻ യൂണിറ്റ് റീട്ടെയ്ൽ മാർക്കറ്റ് /ഔട്ട്ലെറ്റ് എന്നീ പ്രോജക്ട് അധിഷ്ഠിത പ്രവർത്തനങ്ങൾക്ക് ധനസഹായത്തിനുള്ള അപേക്ഷകൾ പ്രോജ്ക്ട് സഹിതം ക്ഷണിക്കുന്നു. പുകപ്പുര, ഉന്തുവണ്ടി/പ്ലാറ്റ്ഫോം വിത്ത്കൂൾ ചേമ്പർ എന്നിവയ്ക്ക് പ്രോജക്ട് ഇല്ലാതെ തന്നെ അപേക്ഷകൾ സമർപ്പിക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് എറണാകുളം പ്രിൻസിപ്പൽ കൃഷിഓഫീസുമായി ബന്ധപ്പെടുക. കൂടുതൽ വിവരങ്ങൾക്ക് 0484- 2422224

5. **റബ്ബർബോർഡ് റബ്ബറുത്പന്നനിർമ്മാണത്തിൽ** മൂന്നു മാസത്തെ സർട്ടിഫിക്കറ്റ് കോഴ്സ് നടത്തുന്നു. കോട്ടയത്തുള്ള റബ്ബർ ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ടിൽ ആഗസ്റ്റ് 02-ന് ആരംഭിക്കുന്ന കോഴ്സിലേക്ക് രജിസ്റ്റർ ചെയ്യേണ്ട അവസാന തീയതി ജൂലൈ 14 ആണ്. കോഴ്സ് ഫീസ് 25,000 രൂപ. പങ്കെടുക്കാൻ താൽപര്യമുള്ളവർ 04812353127, 2353201 എന്നീ നമ്പറുകളിലോ 04812353201 എന്ന വാട്സ്ആപ്പ് നമ്പറിലോ ബന്ധപ്പെടുക. ഇ മെയിൽ: training@rubberboard.org.in

6. **ദേശീയ ഗോപാൽരത്ന പുരസ്കാരത്തിനായി അപേക്ഷ ക്ഷണിച്ചു.**

കേന്ദ്രസർക്കാർ അംഗീകരിച്ച തനതു ജനുസിൽപ്പെട്ട കന്നുകാലികളെ ശാസ്ത്രീയമായി പരിചരിക്കുന്ന വ്യക്തികൾക്കും ഏറ്റവും നല്ല എ ഐ ടെക്നീഷ്യനും ഡയറി കോപ്പറേറ്റീവ്/ മിൽക്ക് പ്രൊഡ്യൂസർ കമ്പനി/ ഡയറി ഫാർമർ ഓർഗനൈസേഷൻ എന്നീ വിഭാഗങ്ങൾക്കും ദേശീയ ഗോപാൽ രത്ന പുരസ്കാരത്തിനായി അപേക്ഷിക്കാവുന്നതാണ്. ഓരോ വിഭാഗത്തിലേയും പുരസ്കാര വിജയികൾക്ക് ഒന്നാം സമ്മാമനമായി അഞ്ചു ലക്ഷം രൂപയും രണ്ടാം സമ്മാനമായി മൂന്നു ലക്ഷം രൂപയും മൂന്നാം സമ്മാനമായി രണ്ടുലക്ഷം രൂപയും നൽകുന്നതാണ്. അപേക്ഷ നൽകുന്നതിനുള്ള ലിങ്ക് 15/07/2021 മുതൽ 15/09/2021 വരെ www.dahd.nic.in / www.mha.gov.in എന്നീ വെബ് സൈറ്റുകളിൽ ലഭ്യമാകും.

**ഓൺലൈൻ പരിശീലന പരിപാടികൾ**

7. സ്റ്റേറ്റ് അഗ്രിക്കൾച്ചർ മാനേജ്മെന്റ് ആന്റ് എക്സ്റ്റൻഷൻ ട്രയിനിംങ് ഇൻസ്റ്റിസ്റ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ ഇന്ന് (12.07.2021) രാവിലെ 11 മുതൽ 12 മണി വരെ **സൂക്ഷ്മജലസേചനം** എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം നടത്തുന്നു. പടന്നക്കാട് കാർഷിക കോളേജിലെ പ്രൊഫസർ ഡോ. അബ്ദുൾഹക്കിം വി.എം. നയിക്കുന്ന പരിശീലനം **സമേതി കേരളയുടെ** ഫേസ്ബുക്ക് പേജിൽ തത്സമയം സംപ്രേക്ഷണം ചെയ്യുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ഇനി പറയുന്ന നമ്പരിൽ ബന്ധപ്പെടാവുന്നതാണ് **- 9349482600**

8. **കേരള വെറ്ററിനറി സർവകലാശാല**യുടെ വിജ്ഞാനവ്യാപന വിഭാഗം ഇന്ന് (12-07-2021) വൈകിട്ട് 5 മണിക്ക് **വാണിജ്യാടിസ്ഥാനത്തിലുള്ള പന്നിവളർത്തൽ- പാർപ്പിടനിർമ്മാണം, പന്നിഫാമുകളിലെ മാലിന്യസംസ്കരണം** എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം നടത്തുന്നു. ഡോ. ജസ്റ്റിൻ ഡേവിഡ് ആണ് പരിശീലനം നയിക്കുന്നത്. സൂം പ്ലാറ്റ്ഫോമിൽ നടത്തുന്ന പരിശീലനത്തിന്റെ ഐഡി ഇനി പറയുന്നു. **999 521 3500.** കൂടുതൽ വിവരങ്ങൾക്ക് ഇനിപ്പറയുന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക **9446714462.**

9. **ഓച്ചിറ ക്ഷീരോത്പന്ന** നിർമ്മാണ പരിശീലന വികസന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഈ മാസം 14-ന് രാവിലെ 11 മണി മുതൽ **കന്നുകാലികളുടെ ശാസ്ത്രീയ തീറ്റക്രമം** എന്ന വിഷയത്തിൽ ഗൂഗിൾമീറ്റ് മുഖേന ഓൺലൈൻ പരിശീലനം നടത്തുന്നു. **9947775978** എന്ന വാട്സ്ആപ്പ് നമ്പരിലേക്കു പേരും മേൽവിലാസവും അയച്ചു നൽകി പരിശീലനത്തിന് രജിസ്റ്റർ ചെയ്യാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ഇനി പറയുന്ന നമ്പരിൽ ബന്ധപ്പെടുക. **04762698550.**

10. **ആതവനാട് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ** നിന്നും ഈ മാസം 14-ന് **കറവപ്പശുക്കളിലെ ഉപാപചയ രോഗങ്ങളും പ്രതിരോധ മാർഗങ്ങളും** എന്ന വിഷയത്തിൽ ഡോ.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ദീപ ചിറയത്ത് പരിശീലനം നൽകുന്നു. കൂടുതൽ വിവരങ്ങൾക്കും പേര് രജിസ്റ്റർ ചെയ്യുന്നതിനുമായി ഇനി പറയുന്ന നമ്പരിൽ ബന്ധപ്പെടുക – **9446424556**

11. **ആലുവ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ** ഈ മാസം 14-ന് ***കാട വളർത്തൽ*** എന്ന വിഷയത്തിൽ പരിശീലനം സംഘടിപ്പിച്ചിരിക്കുന്നു. കൂടുതൽ വിവരങ്ങൾക്കും പേര് രജിസ്റ്റർ ചെയ്യുന്നതിനുമായി ഇനി പറയുന്ന നമ്പരിൽ ബന്ധപ്പെടുക. **9188522708.**

12. **വലിയതുറ സ്റ്റേറ്റ് ഫോഡർ ഫാമിനോട**നുബന്ധിച്ചുള്ള തീറ്റപ്പുൽകൃഷി വികസന പരിശീലന കേന്ദ്രത്തിൽ വച്ച് ഈ മാസം 15-ന് **ആനന്ദകരമായ ആയാസരഹിതമായ ആദായകരമായ പാലുൽപാദനത്തിന് തീറ്റപ്പുൽകൃഷി** എന്ന വിഷയത്തിൽ ഗൂഗിൾമീറ്റ് മുഖേന പരിശീലനം സംഘടിപ്പിച്ചിരിക്കുന്നു. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനുമായി ഇനി പറയുന്ന ഫോൺ നമ്പരിലോ ഇ-മെയിൽ വിലാസത്തിലോ ബന്ധപ്പെടുക. **9400831831, 9400289642.** **ഇ-മെയിൽ** sfftraining2021@gmail.com

13. ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിയാടനുബന്ധിച്ച് പ്രവർത്തിക്കുന്ന പരിശീലന കേന്ദ്രത്തിൽ കർഷർക്കായി ഈ മാസം 21 ന് **മുട്ടക്കോഴി വളർത്തൽ** എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം നടത്തുന്നു. താൽപ്പര്യമുള്ളവർ **0479- 2457778** എന്ന നമ്പരിൽ ഓഫീസ് പ്രവർത്തന സമയത്ത് ബന്ധപ്പെട്ട് പേര് രജിസ്റ്റർ ചെയ്യേതാണ്

sd/-

**പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ**